ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പാങ്ങോട് പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന കല്ലറ-പാങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ കിണറിന്റേയും പമ്പ് ഹൗസിന്റേയും പണികൾ 90% പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറും പമ്പും ടെണ്ടർ ചെയ്തുകഴിഞ്ഞു. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായി. പമ്പിംഗ് മെയിനിന്റെ പണി ടേൺ കീ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു. ബാക്കിയുള്ള പ്രധാന പൈപ്പ് ലൈനിന്റെ പണികൾ നടന്നുവരുന്നു. വിതരണ ലൈനുകൾക്കുള്ള പൈപ്പുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ പദ്ധതി 2006 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചീക്കോട് ശുദ്ധജല വിതരണ പദ്ധതി

74 [231] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഫറോക്ക് ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സമയബന്ധിതമായി ഈ പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രധാന ഘടകങ്ങളുടെ പുരോഗതി താഴെ വിവരിക്കുന്ന പ്രകാരമാണ്.

1. കിണറിന്റേയും പമ്പ് ഹൗസിന്റേയും പണിയുടെ ഏകദേശം 90% പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. 23.04 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ചുള്ളിക്കോട് നിർമ്മിക്കുന്ന ഭൂതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

3. 900 മി.മി. വ്യാസമുള്ള കാസ്റ്റ് അയേൺ പമ്പിംഗ് മെയിൻ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

4. 53 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പണി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ടെണ്ടറിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

75 [232] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) എന്തെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും, ആരംഭിച്ചത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓരോ പദ്ധതിക്കും എന്ത് തുക ചെലവാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസറഗോഡ് മുനിസിപ്പൽ ശുദ്ധജല വിതരണ പദ്ധതിയിലൂടെയും 107 ചെറുകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിലൂടെയും ജില്ലയിലെ ശുദ്ധ ജല വിതരണം കേരളാ വാട്ടർ അതോറിറ്റി നടത്തി വരുന്നു. കൂടാതെ രാജീവ്ഗാന്ധി ദേശീയ കുടിവെള്ളമിഷന്റെ സെക്ടർ നിഫോംസ് കുടിവെള്ള പദ്ധതി 17 ഗ്രാമപഞ്ചായത്തുകളിൽ ജില്ലാപഞ്ചായത്തുവഴി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly